# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.2350 08.07.2015-ൽ മറുപടിയ്ക്ക്**

## അച്ചൻകോവിലാറ്റിലെ തടയണ, സംരക്ഷണഭിത്തി നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ.രാജേഷ്: | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര മണ്ഡലത്തിൽ അച്ചൻ കോവിലാറ്റിൽ തടയണ നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ടോ;<br><br>(ബി) അനുവദിക്കപ്പെട്ട തുക അച്ചൻ കോവിലാറിന്റെ തീരസംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും വകമാറ്റുന്നതിനും വകുപ്പുതല റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;<br><br>(സി) അച്ചൻകോവിലാറ്റിൽ കോടതോടിന്റെ പതനമുഖം സംരക്ഷണഭിത്തി കെട്ടുന്നതിന് തുക വകമാറ്റി അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (എ) , (ബി) & (സി)<br><br>സർക്കാർ ഉത്തരവ് (സാധാ) നം.416/WRD dated 25.04.2014 പ്രകാരം മാവേലിക്കര മണ്ഡലത്തിൽ മണ്ഡപത്തിൻകടവിനു സമീപം ചെക്ക് ഡാം നിർമ്മിക്കുന്നതിന് 85 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിരുന്നു. എന്നാൽ പ്രസ്തുത ചെക്ക് ഡാം നിർമ്മിച്ചാൽ ആറന്മുള ഉത്രട്ടാതി വള്ളംകളിക്ക് പള്ളിയോടം കൊണ്ടുപോകുന്നതിന് തടസ്സമുണ്ടാകുമെന്ന തദ്ദേശവാസികളുടെയും ഭക്തരുടേയും ആവശ്യാനുസരണം 21.07.2014 ൽ ബഹുമാനപ്പെട്ട എം.എൽ.എ ശ്രീ.ആർ.രാജേഷിന്റെ നേതൃത്വത്തിൽ ഒരു സർവ്വ കക്ഷിയോഗം നടക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ചെക്ക് ഡാം നിർമ്മിക്കേണ്ട പ്രവൃത്തി ഉപേക്ഷിക്കുവാനും പകരം പ്രസ്തുത ഫണ്ട് വിനിയോഗിച്ച് വാട്ടർ അതോറിറ്റിയുടെ ഇൻടേക്കിൽ എക്കലും മണ്ണും മറ്റും പ്രവേശിക്കാതിരിക്കാൻ കോടതോടിന്റെ പതനമുഖം ബെഡ് ബാർ ഉപയോഗിച്ച് തടയുന്നതിനും അച്ചൻ കോവിലാറിന്റെ പ്രസ്തുത ഭാഗം സൈഡ് വാൾ കെട്ടി സംരക്ഷിക്കുന്നതിനുമായി 84.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറിൽ (ജലസേചനവും ഭരണവും ) നിന്നും ലഭിച്ചിട്ടുണ്ട്. ആയതിൽ സർക്കാർ തലത്തിൽ നടപടി സ്വീക രിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**